# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6436 — 11.07.2012 ലെ മറുപടിയ്ക്ക്

### കെ. എസ്. എഫ്. ഇ. ശാഖകളിൽ ജോലിചെയ്യുന്ന എക്സ് സർവ്വീസുകാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ വിവിധ കെ.എസ്.എഫ്.ഇ. ശാഖകളിലായി എത്ര എക്സ് സർവ്വീസുകാർ ജോലി ചെയ്യുന്നുണ്ട്; | (എ) കേരളത്തിലെ വിവിധ കെ.എസ്.എഫ്.ഇ. ശാഖകളിലായി 30-06-2012 ലെ കണക്കുപ്രകാരം, 902 എക്സ്സർവ്വീസുകാർ കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്നുണ്ട്. |
| (ബി) കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് ലീഗിന് കീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഇവർക്ക് മതിയായ വേതനം ലഭിക്കാതെ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) ഇവർക്ക് ലഭിക്കുന്ന ദിവസ വേതനമായ 208 രൂപയിൽ നിന്ന് മാസത്തിൽ റ്റി.ഡി.എസ്. 125 രൂപ, ഇ.പി.എഫ്. 840 രൂപ, സംഘടന കമ്മീഷൻ 312 രൂപ എന്നിവ കഴിച്ചാൽ ബാക്കി തുച്ഛമായ തുകയാണ് ലഭിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) & (സി) വിമുക്ത ഭടന്മാരെ അവരുടെ സംഘടനകളുമായി കാലാകാലങ്ങളിൽ ഉണ്ടാക്കുന്ന ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കെ.എസ്. എഫ്. ഇ യിൽ നിയമിക്കുന്നതും ഇവരുടെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുകയും ചെയ്തുപോരുന്നത്. 01-07-2011 ലാണ് ഇവരുടെ വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത്. കമ്പനി നേരിട്ട് നിയമിക്കുന്നവരല്ലാത്തതിനാൽ ഇവരുടെ വേതന സംബന്ധമായ കാര്യങ്ങളിൽ ഇടപെടുന്നതിന് കമ്പനിക്ക് പരിമിതികളുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ കേരളത്തിൽ നിലവിലുള്ള ദിവസവേതനമായ 370 രൂപ കെ.എസ്.എഫ്.ഇ.യിലും അടിയന്തിരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) & (ഇ) | ഉത്തരം (ബി) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (ഇ) | എങ്കിൽ എന്ന് നടപ്പാക്കാൻ കഴിയും; വിശദമാക്കാമോ; | | |
| (എഫ്) | ഇ.പി.എഫ്. പദ്ധതിയിലെ 50:50 അനുപാതം കെ.എസ്.എഫ്.ഇ.യിലും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (എഫ്) | ജീവനക്കാരനും കമ്പനിയും 1: 1 അനുപാതത്തിലാണ് ഇ.പി.എഫ് പദ്ധതിയിൽ ഇപ്പോൾ കോൺട്രിബ്യൂട്ട് ചെയ്യുന്നത്. |
| (ജി) | കെ.എസ്.എഫ്.ഇ.യിലെ കാഷ്യർ, ഗോൾഡ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ദിവസവേതനക്കാർക്ക് സ്ഥിരം ജീവനക്കാർക്ക് നൽകുന്ന റിസ്ക് അലവൻസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ? | (ജി) | കെ.എസ്.എഫ്.ഇ.യിൽ ക്യാഷ്യർ, ഗോൾഡ് ലോൺ അസിസ്റ്റന്റ് തസ്തികകളിൽ ദിവസവേതനക്കാർ ജോലി ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ